**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **27-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി വില്ലേജിൽ കൃഷിഭൂമി തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി വില്ലേജിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ തെറ്റായി ഉൾപ്പെടുത്തിയ വ്യത്യസ്ത സർവെ നമ്പരുകളിലുള്ള കൃഷിഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തിരുവമ്പാടി വില്ലേജിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ Paddy Land കോളത്തിൽ 0 (പൂജ്യം) എന്നും, Wetland കോളത്തിൽ 0(പൂജ്യം) എന്നുമാണ് കാണിച്ചിട്ടുള്ളത് എന്നും എന്നാൽ പ്രസ്തുത സർവ്വേ നമ്പറുകളുടെ ഒട്ടുളവ് കോളത്തിൽ ഭൂമിയുടെ അളവ് മുഴുവനായും കാണിച്ചിട്ടുണ്ട് എന്നും ഇങ്ങിനെ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ Paddy Land (നെൽവയൽ), Wetland (തണ്ണീർത്തടം ) എന്നിവ എത്ര അളവിൽ എന്ന് പ്രത്യേകം രേഖപ്പെടുത്താത്തത് കൊണ്ട് കൈവശക്കാർക്ക് ഭൂമി വിനിയോഗം നടത്തുന്നതിൽ വളരെ പ്രയാസം അനുഭവിക്കുന്നുണ്ട് എന്നും വർഷങ്ങൾക്കു മുമ്പുതന്നെ തരം മാറിയതും റബ്ബർ, കവുങ്ങ്, തെങ്ങ് തുടങ്ങിയ മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുള്ളതുമായ ഒട്ടേറെ കൈവശ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, ആയത് ഉൾപ്പെട്ട സർവ്വേ നമ്പരുകൾ ഒഴിവാക്കണമെന്നും കൈവശക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കൃഷിഭൂമി ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തിരുവമ്പാടി വില്ലേജിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ Paddy Land കോളത്തിൽ 0 (പൂജ്യം) എന്നും, Wetland കോളത്തിൽ 0(പൂജ്യം) എന്നുമാണ് കാണിച്ചിട്ടുള്ളത് എന്നും എന്നാൽ പ്രസ്തുത സർവ്വേ നമ്പറുകളുടെ ഒട്ടുളവ് കോളത്തിൽ ഭൂമിയുടെ അളവ് മുഴുവനായും കാണിച്ചിട്ടുണ്ട് എന്നും ഇങ്ങിനെ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ Paddy Land (നെൽവയൽ), Wetland (തണ്ണീർത്തടം ) എന്നിവ എത്ര അളവിൽ എന്ന് പ്രത്യേകം രേഖപ്പെടുത്താത്തത് കൊണ്ട് കൈവശക്കാർക്ക് ഭൂമി വിനിയോഗം നടത്തുന്നതിൽ വളരെ പ്രയാസം അനുഭവിക്കുന്നുണ്ട് എന്നും വർഷങ്ങൾക്കു മുമ്പുതന്നെ തരം മാറിയതും റബ്ബർ, |

| | | | |
|---|---|---|---|
| | | | കവുങ്ങ്, തെങ്ങ് തുടങ്ങിയ മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുള്ളതുമായ ഒട്ടേറെ കൈവശ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, ആയത് ഉൾപ്പെട്ട സർവ്വേ നമ്പരുകൾ ഒഴിവാക്കണമെന്നും കൈവശക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഡേറ്റാ ബാങ്കിൽ നിന്ന് പ്രസ്തുത കൃഷിഭൂമി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ